LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : പ്ലീസ്.... ഒരു ക്രമപ്രശ്നം ഉന്നയിച്ചതിന് റൂളിംഗ് വേണ്ടേ ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഈ ഉദ്യോഗസ്ഥരെ മുഴുവൻ സംരക്ഷിക്കുന്ന തരത്തിൽ ഒരു പ്രഖ്യാപനം ഈ സഭയിൽത്തന്നെ നടത്തിയതാണ്. അത് നിൽക്കെയാണ് 15 ദിവസത്തിനകം മറുപടി തരണമെന്ന് വിശദീകരണം ചോദിച്ചതിനുശേഷം മറുപടി എന്താണെന്ന് കേൾക്കുകപോലും ചെയ്യാൻ കൂട്ടാക്കാതെ മൂന്നുദിവസം കഴിഞ്ഞപ്പോൾ അവരോട് ഈ രീതിയിലുള്ള നടപടി സ്വീകരിക്കുന്നത് ശരിയാണോ ? .....(ബഹളം)..... സ്ത്രീകൾക്കായാലും പുരുഷന്മാർക്കായാലും മൂത്രമൊഴിക്കണമെന്ന് തോന്നിയാൽ..... കാത്തിരിക്കുന്നതിന് ഒരു സമയമില്ലേ ; അവർ കുറച്ചുനേരത്തെ പോയി. ബഹുമാനപ്പെട്ട മന്ത്രിയുടെ സമയം കുറച്ചുകൂടി കാക്കാൻ വയ്യാത്ത വിധത്തിൽ അവർ പോയി. പോയപ്പോൾ മന്ത്രി വരികയും ചെയ്തു. ഇതൊക്കെ സംഭവിച്ചതാണ്. അതുകൊണ്ട് ഞാൻ ചോദിക്കുകയാണ് 15 ദിവസത്തിനകം മറുപടി തരണമെന്ന് പറഞ്ഞുകൊണ്ട് ഒരു ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം അത്രയും സമയം കാത്തുനിൽക്കാതെ വളരെ ധൃതിപിടിച്ച് ഇങ്ങനെയൊരു നിലപാടെടുത്തത് ശരിയായോ ?

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ഇത്തരം അഡ്മിനിസ്ട്രേറ്റീവ് ഇഷ്യൂസിന് മറുപടി പറയാൻ സാധ്യമല്ല. അതിനിവിടെ മുഖ്യമന്ത്രിയും മറ്റുമുണ്ട്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, അവരോടാണ് ഞാൻ ചോദിക്കുന്നത്.

മി. സ്പീക്കർ : അവർ മറുപടി പറഞ്ഞു. സഭയുടെ മുമ്പിലുള്ളത് അങ്ങയുടെ ക്രമപ്രശ്നമാണ്. അതിന്റെ റൂളിംഗ് ചെയർ നൽകുന്നതാണ്......(ബഹളം)..... പ്ലീസ്...... ഞാനൊന്നുപറയട്ടെ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇവിടെ മന്ത്രി അങ്ങയുടെ റൂളിംഗ് ലംഘിച്ചുകൊണ്ട് പരിപാടിക്കുപോയി. അതുകൊണ്ടാണ് ഈ സംഭവം ഉണ്ടായത്.

## റൂളിംഗ്

### നിയമസഭ ചേരുമ്പോൾ മന്ത്രിമാർ മറ്റ് പരിപാടികളിൽനിന്നും വിട്ടുനിൽക്കണമെന്നത് സംബന്ധിച്ച്

മി. സ്പീക്കർ : ഇവിടെ ബഹുമാനപ്പെട്ട മുൻ സ്പീക്കർമാരുണ്ട്. നമ്മളിൽ പലരും കാൽനൂറ്റാണ്ടായി ഈ നിയമസഭയിൽ ഇരിക്കുന്നവരാണ്. എഴുതി തയ്യാറാക്കിയ ചട്ടങ്ങളല്ല, ഇത്തരം റൂളിംഗുകളും ഗവൺമെന്റ് സർക്കുലറുകളും ഉണ്ടായിട്ടുണ്ട്. സഭ നടക്കുമ്പോൾ നിയമസഭാംഗങ്ങൾക്ക്

തടസ്സമുണ്ടാകുന്ന തരത്തിൽ മന്ത്രിമാർ പരിപാടിയിൽ പങ്കെടുക്കാൻ പാടില്ലായെന്നുള്ളത് ഞാനും മുൻപ് ഒന്നുരണ്ട് പ്രാവശ്യം പറഞ്ഞിട്ടുണ്ട്. എന്നാൽ ചില പ്രത്യേക ദിവസങ്ങളിൽ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും പോകാതിരിക്കാൻ സാധ്യമല്ലാത്ത അവസ്ഥ ഉണ്ടാകാറുണ്ട്. അതുകൊണ്ടാണ് അവർ പോകുന്നത്. ഇതിപ്പോൾ മാത്രമല്ല ഞാൻ പ്രതിപക്ഷത്തിരിക്കുമ്പോഴും ഇങ്ങനെ വന്നിട്ടുണ്ട്. ഇത് എപ്പോഴുമുള്ളതാണ്. ഞാൻ ന്യായീകരിക്കുകയല്ല. ഈ സന്ദർഭങ്ങളിൽ കഴിയുന്നിടത്തോളം മന്ത്രിമാർ ഡേറ്റുകൾ ഏല്ക്കാൻ പാടില്ല. ഇവിടെ മുഖ്യമന്ത്രി പറഞ്ഞതുപോലെ പ്രത്യേകമായി, ഇന്നിപ്പോൾ ലഹരിവിരുദ്ധ ദിനമാണ്, ഇത് മാറ്റിവയ്ക്കാൻ സാധ്യമാണോ ; കഴിഞ്ഞ തവണ ഒരു പരിപാടിക്ക് ശ്രീ. വി. എസ്. ശിവകുമാർ പോയി. അന്ന് അമ്മമാരുടെ മുലയൂട്ടൽ ദിനമായിരുന്നു. അങ്ങനെയൊക്കെ ചിലപ്പോൾ ഉണ്ടാകാറുണ്ട്. .....(ബഹളം)..... അതുകൊണ്ട് ചില അത്യാവശ്യ സന്ദർഭങ്ങളിൽ മന്ത്രിമാർക്ക് പരിപാടിയിൽ പങ്കെടുക്കേണ്ടിവരും. അത് സഭയിൽ പങ്കെടുക്കുന്ന എം.എൽ.എ മാരെ ബുദ്ധിമുട്ടിക്കാത്ത രീതിയിലായിരിക്കണം. സഭ കൂടുമ്പോൾ പരിപാടികളിൽനിന്നും മന്ത്രിമാർ കഴിയുന്നിടത്തോളം ഒഴിഞ്ഞുനിൽക്കുന്നതാണ് നല്ലത്. അവർ സഭയിൽ ഉണ്ടായിരിക്കുന്നതാണ് നല്ലത്. അനിവാര്യമായ സന്ദർഭങ്ങളിൽ മാത്രമേ പരിപാടികളിൽ പങ്കെടുക്കാൻ പോകാൻ പാടുള്ളൂ. .....(ബഹളം)...... യെസ്... യെസ്..... അത് വേറെ വിഷയം. അത് പറഞ്ഞു കഴിഞ്ഞു. .....(ബഹളം)..... അത്തരം കാര്യങ്ങളുടെ ചർച്ച വരികയും, മറുപടി പറയുകയും ചെയ്തു. ചില മറുപടികൾ സ്വീകാര്യമായിരിക്കും. ചില മറുപടികൾ സ്വീകാര്യമായിരിക്കില്ല. അത് ചെയറിന്റെ ഉത്തരവാദിത്തമല്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : സർ, ഉദ്യോഗസ്ഥരുടെ സംരക്ഷണത്തിന് പരമാവധി ശ്രമിക്കുമെന്നു പറഞ്ഞ മുഖ്യമന്ത്രി 15 ദിവസത്തെ നോട്ടീസ് കൊടുത്തതിനുശേഷം മൂന്നാമത്തെ ദിവസം പാവപ്പെട്ട, രോഗിയായ ഒരു സ്ത്രീക്കെതിരെ, നിങ്ങൾതന്നെ കൊടുത്ത 15 ദിവസത്തെ നോട്ടീസിന്റെ കാലാവധിക്കുമുമ്പ് ഇത്തരത്തിൽ ക്രമ വിരുദ്ധമായ തനി സ്വേച്ഛാധിപത്യപരമായ സമീപനമെടുത്ത ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും പ്രതിപക്ഷാംഗങ്ങളാകെത്തന്നെയും വാക്കൗട്ട് ചെയ്യുകയാണ്

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അല്പ സമയത്തിനുശേഷം സഭയിൽ ഹാജരാകുകയും ചെയ്തു.)

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, റൂൾ 303 വച്ച് ഡിസ്ക്കഷൻ പാടില്ലെന്ന് വളരെ സ്പെസിഫിക്കായി പറഞ്ഞിട്ടുണ്ട്. അതിനുശേഷം സ്പീക്കർ റൂളിംഗ് കൊടുത്തുകഴിഞ്ഞാൽ റൂളിംഗിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്താൻ അവകാശമുണ്ടോ; ചട്ടങ്ങൾക്ക് വിരുദ്ധമാണെങ്കിൽ അത് ചൂണ്ടിക്കാണിക്കണ്ടേ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അതൊക്കെ ഓരോരോ കാഴ്ചപ്പാടാണ്. ചട്ടങ്ങൾക്ക് വിരുദ്ധമായാണ് ഇവിടെ പലതും നടക്കുന്നത്. ഇതെല്ലാം സമീപനത്തേയും കാഴ്ചപ്പാടിനേയും അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. റൂൾ 303-ൽ ചർച്ച പാടില്ല. ശ്രീ. ഷിബു ബേബി ജോൺ മനസ്സിലാക്കേണ്ടത്, സ്പീക്കറുടെ മുമ്പിലിരിക്കുന്ന വിഷയം ക്രമപ്രശ്നമാണ്. അതിനുമാത്രമേ മറുപടി പറയാൻ കഴിയുകയുള്ളൂ. മറ്റ് വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും പറഞ്ഞുകഴിഞ്ഞു. അത് ഞാൻ പ്രതിപക്ഷ നേതാവിനോട് പറഞ്ഞു. അത് ഇവിടെ അവസാനിച്ചു. പിന്നെ അദ്ദേഹം വീണ്ടും സംസാരിച്ചു എന്നുള്ളതാണ്.

ശ്രീ. ഷിബു ബേബി ജോൺ : സർ, ഇതിന് റൂളിംഗ് വേണം. ചട്ടവിരുദ്ധമാണെന്നുള്ള റൂളിംഗ് വേണം.

മി. സ്പീക്കർ : അതൊന്നും വേണ്ട.

## VIII ധനകാര്യം

### 2014-2015 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ : ബഹുമാനപ്പെട്ട ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിക്ക് വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും കുടുംബക്ഷേമവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014-2015 സാമ്പത്തികവർഷ ത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും കുടുംബക്ഷേമമെന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.